## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 729** **29.05.2019 -ൽ മറുപടിയ്ക്ക്**

### ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ

ചോദ്യം
ശ്രീ. എൻ .എ.നെല്ലിക്കുന്ന് :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ എല്ലാ ജില്ലയിലും പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) | പ്രവർത്തിക്കുന്നുണ്ട് |
| ബി) | ഇതിന്റെ ഘടനയും രൂപവത്കരണവും എങ്ങനെയാണെന്ന് വ്യക്തമാക്കാമോ; | ബി) | 28.07.1988 ലെ സ.ഉ (അ) 254/1988/പൊ ഭ വ, 03.01.2005 ലെ സ.ഉ (കൈ) 05/05/പൊഭവ എന്നീ സർക്കാർ ഉത്തരവുകൾ പാലിച്ച് 1860 ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് XXI അനുസരിച്ച് സ്വയംഭരണ സ്ഥാപനമായിട്ടാണ് ഡി.ടി.പി.സി രൂപീകരിച്ചിരിക്കുന്നത്. നിലവിൽ ജില്ലാ കളക്ടർ ആണ് ചെയർമാൻ |
| സി.) | എല്ലാ ജില്ലകളിലും ഡി.ടി.പി.സി. യോഗങ്ങൾ ചേരാറുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചേർന്ന യോഗങ്ങളും എടുത്ത തീരുമാനങ്ങളും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | സി) | ഉണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചേർന്ന യോഗങ്ങളും എടുത്ത തീരുമാനങ്ങളും വിവിധ ഡി.ടി.പി.സികളിൽ നിന്ന് ശേഖരിച്ചു വരുന്നു. |
| ഡി) | ഡി.ടി.പി.സി.ക്ക് ഫണ്ട് എവിടെ നിന്നാണ് ലഭ്യമാകുന്നതെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ഡി.ടി.പി.സി.യും എത്ര ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് ചെലവഴിച്ചിട്ടുണ്ടെന്നും ഇപ്പോൾ കയ്യിലുള്ള ഫണ്ട് എത്രയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ? | ഡി) | ഡി.ടി.പി.സിക്ക് ഫണ്ട് ലഭ്യമാകുന്നത് പ്രധാനമായും രണ്ടു തരത്തിലാണ്. സർക്കാരിൽ നിന്നു വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ അനുവദിക്കുന്ന പദ്ധതി നടത്തിപ്പിനുള്ള ഫണ്ടും കൂടാതെ ഡി.ടി.പി.സിയുടെ തനത് വരുമാനവും (വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിന്നുള്ള ടിക്കറ്റ് കലക്ഷൻ, വാടക തുടങ്ങിയവ) .<br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഡി.ടി.പി.സിയിലെ ഫണ്ട് സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ